# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 774

11.06.2014 - ൽ മറുപടി
നൽകേണ്ടിയിരുന്നത്

## കൽപ്പറ്റ തരിയോട് ഗ്രാമ പഞ്ചായത്തിലെ ട്രൈബൽ ആയൂർവേദ ആശുപത്രിയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി. ശ്രേയാംസ് കുമാർ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ തരിയോട് ഗ്രാമ പഞ്ചായത്തിലെ ട്രൈബൽ ആയൂർവേദ ആശുപത്രിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;<br>(ബി) പ്രസ്തുത ആയൂർവേദ ആശുപത്രിയിൽ നിന്നും ആദിവാസികൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) പട്ടിക വർഗ്ഗക്കാർക്ക് ആയൂർവേദ ചികിത്സ നൽകുന്നതിന് വേണ്ടി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന തരിയോട് ഗവൺമെന്റ് ആയൂർവേദ ഡിസ്പെൻസറിയിൽ ഭാരതീയ ചികിത്സാ വകുപ്പിൽ നിന്നുള്ള ഒരു ഡോക്ടറും ഫാർമസിസ്റ്റും പട്ടിക വർഗ്ഗ വികസന വകുപ്പിലെ അറ്റന്ററും പാർട്ട് ടൈം സ്വീപ്പറും ഉൾപ്പെടെ 4 ജീവനക്കാർ ജോലി ചെയ്യുന്നു. ഈ സ്ഥാപനത്തിൽ എത്തുന്ന ഔട്ട് പേഷ്യന്റ്മാർക്ക് ചികിത്സയും മരുന്നും നൽകുന്നതോടൊപ്പം പട്ടിക വർഗ്ഗ സങ്കേതങ്ങൾ സന്ദർശിച്ച് മെഡിക്കൽ ക്യാമ്പ് നടത്തി ആവശ്യമായ മരുന്ന് വിതരണം നടത്തുകയും ചെയ്യുന്നു. പ്രതിമാസം ഏകദേശം 750-ഓളം രോഗികളെ ചികിത്സിക്കുന്നുണ്ട്. രാവിലെ 9 മണി മുതൽ 1 മണി വരെയും ഉച്ചയ്ക്ക് 2 മണി മുതൽ 3 മണിവരെയുമാണ് ഡിസ്പെൻസറിയുടെ പ്രവർത്തി സമയം. ചികിത്സ |

ആവശ്യമായവർക്കും അതിനായി ധനസഹായം ലഭ്യമാക്കുന്നതിനും മെഡിക്കൽ സർട്ടിഫിക്കറ്റുകൾ അനുവദിച്ച് നൽകുകയും വിദഗ്ധ ചികിത്സയ്ക്ക് പോകുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

(സി) പ്രസ്തുത ആശുപത്രിയുടെ സേവനം മറ്റ് വിഭാഗക്കാർക്കുകൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

സി) നിലവിൽ ജനറൽ വിഭാഗക്കാർക്കും ഈ സ്ഥാപനത്തിൽ നിന്നും ചികിത്സ നൽകുന്നുണ്ട്. ഈ ആവശ്യത്തിനായി പഞ്ചായത്ത് പ്രത്യേക ഫണ്ട് അനുവദിച്ചതിൽ നിന്നും ജനറൽ വിഭാഗത്തിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ച് ചികിത്സ നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ